بسم الله الرحمن الرحيم



# മുജാഹദ
# അല്ലാഹു നിര്‍ദ്ദേശിച്ചതുപോലെയാകണം

**അ**ല്ലാഹുവിന്റെ ഫള്ല് കൊണ്ട് ഇന്ന് നൈജീരിയ അഹ്മദിയ്യാ ജമാഅത്തിന്റെ 58-ാമത് ജല്‍സ സാലാന, എന്റെ ഈ ഖുത്ബയോടുകൂടി ആരംഭിക്കുകയാണ്. ഇക്കാലഘട്ടത്തിലെ ആളുകളില്‍ അധികം പേരും അല്ലാഹുവിനെ മറന്നിരിക്കുമ്പോള്‍, ആ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാന്‍ വേണ്ടി ഓരോ നാട്ടിലും അഹ്മദികള്‍ക്ക് ജല്‍സ സംഘടിപ്പിക്കാന്‍ കഴിയുന്നു എന്നത് അവന്റെ ഔദാര്യമാണ്. ആത്മീയമായ പരിവര്‍ത്തനമുണ്ടാക്കുന്നതിനും ദൈവതൃപ്തി കരസ്ഥമാക്കുന്നതിനും വേണ്ടിയാണ് വര്‍ഷത്തില്‍ ചില ദിനങ്ങളില്‍ നാം സമ്മേളിക്കുന്നത്. ഈ പരിവര്‍ത്തനം സൃഷ്ടിക്കുന്നതിനു വേണ്ടി അല്ലാഹു വാഗ്ദത്ത മഹ്ദി മസീഹിനെ ലോകത്തേക്കയച്ചു. നമ്മള്‍ ഈ പരിവര്‍ത്തനം ഉണ്ടാക്കുകയും ഈ ഉദ്ദേശ്യത്തിനുവേണ്ടി ഇവിടെ സമ്മേളിക്കുകയും ചെയ്യുന്നില്ലെങ്കില്‍ ഈ ജല്‍സ കൊണ്ട് ഒരു പ്രയോജനവുമില്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ജനങ്ങളെ സംഘടിപ്പിച്ച് ഒരുത്സവത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുകയും അങ്ങനെ ലോകത്തിന് ജനശക്തി കാണിച്ചുകൊടുക്കുകയും ചെയ്യുക എന്നതല്ല തന്റെ ഉദ്ദേശ്യമെന്ന് ആ മഹാത്മാവ് വ്യക്തമാക്കിയിട്ടുണ്ട്. ഇത് തനിക്ക് വെറുപ്പുണ്ടാക്കുന്ന ചിന്താഗതിയും വിചാരവുമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി. ആ മഹാത്മാവ് ഇങ്ങനെയും പറഞ്ഞു: ഇവിടെ ജല്‍സയില്‍ പ്രഭാഷണങ്ങള്‍ നടക്കുന്നു. വലിയ വലിയ പ്രസംഗകന്മാര്‍ പ്രസംഗിക്കുന്നു. ജ്ഞാനപരമായ വലിയ കാര്യങ്ങള്‍ പ്രതിപാദിക്കുന്നു. ശ്രോതാക്കള്‍ അക്കാര്യങ്ങളെല്ലാം കേട്ട് പ്രസംഗകരെ വളരെ പ്രശംസിക്കുന്നു. എന്നാല്‍, ജമാഅത്തിലെ അംഗങ്ങളില്‍ ഇത് സ്വാധീനമുണ്ടാക്കുന്നില്ലെങ്കില്‍ ഈ പ്രസംഗങ്ങളും പ്രസംഗകരുടെ വളരെ ജ്ഞാനപരമായ കാര്യങ്ങളും കൊണ്ട് എന്താണ് പ്രയോജനം?

അതിനാല്‍, നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരാണ്. കേള്‍ക്കുന്ന കാര്യങ്ങള്‍, ജീവിതത്തിന്റെ ഭാഗമാക്കിത്തീര്‍ക്കുന്നതിനുവേണ്ടിയാണ് നാം ഇവിടെ സമ്മേളിച്ചിരിക്കുന്നത്. നമ്മുടെ ജീവിതം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉദ്ദേശിക്കുന്ന നിലയിലേക്ക് ഉയര്‍ത്തിക്കൊണ്ടുവരുന്നതിന് ശ്രമിക്കാന്‍ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ പ്രത്യേക ഫള്ല്‍ നമ്മളിലുണ്ടാകാത്തിടത്തോളം നമുക്കത് കരസ്ഥമാക്കാന്‍ ഒരിക്കലും സാധിക്കുകയില്ല. അവന്റെ ഫള്ല് കരസ്ഥമാക്കാനും പ്രത്യേകമായ 'മുജാഹദ'യുടെ-കഠിനാധ്വാനത്തിന്റെ ആവശ്യമുണ്ട്. ഒരു പരിശ്രമത്തിന്റെ ആവശ്യമുണ്ട്. അപ്പോഴാണ് അല്ലാഹു തന്റെ പ്രത്യേക അനുഗ്രഹം നല്‍കി തന്റെ ദാസന്റെ അടുക്കലേക്ക് ഓടിവരുന്നത്. അവന്‍ തന്റെ ദാസന്റെ കഠിനമായ ആ പരിശ്രമം സ്വീകരിക്കുന്നു. തന്റെ ഫള്ല് നല്‍കി അവനെ കടാക്ഷിക്കുന്നു. തന്റെ തൃപ്തിയനുസരിച്ചിട്ടുള്ള പ്രവൃത്തി അവനെക്കൊണ്ട് ചെയ്യിക്കുന്നു. അല്ലാഹു വിശുദ്ധഖുര്‍ആനില്‍ പറയുന്നു: ***വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ*** നാമുമായി കണ്ടുമുട്ടാന്‍ പരിശ്രമിക്കുന്നവര്‍ക്ക് നാം നമ്മുടെ വഴിയിലേക്ക് വരാന്‍ സൗഭാഗ്യം നല്കുന്നതാണ്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങളുടെ ആത്മാവിന്റെ പരിശുദ്ധമായ പരിവര്‍ത്തനത്തിനായി പരിശ്രമിക്കുക. നമസ്കാരത്തില്‍ പ്രാര്‍ത്ഥിക്കുക. സ്വദഖകളും ദാനധര്‍മ്മങ്ങളും മറ്റുള്ള സകലതരം പ്രവര്‍ത്തനങ്ങളുംകൊണ്ട് 'വല്ലദീന ജാഹദൂ ഫീനാ'യില്‍ ചേരുക. രോഗി ഡോക്ടറുടെയടുക്കല്‍ പോവുകയും മരുന്ന് കഴിക്കുകയും കുത്തിവയ്പ്പെടുക്കുകയും രക്തം പരിശോധിക്കുകയും രോഗശാന്തിക്കായി സകലതരം മാര്‍ഗ്ഗങ്ങളും സ്വീകരിക്കുന്നതുപ്രകാരം ആധ്യാത്മികമായ സ്വന്തം രോഗം അകറ്റുന്നതിനായി എല്ലാ രീതിയിലും പരിശ്രമിക്കുക. നാവുകൊണ്ട് മാത്രമല്ല, മറിച്ച് ഏതെല്ലാം രീതിയില്‍ 'മുജാഹദ' ചെയ്യാനാണോ അല്ലാഹു നിര്‍ദ്ദേശിച്ചിട്ടുള്ളത് ആ രീതിയിലൊക്കെ ചെയ്യുക." ബയ്അത്ത് ചെയ്തതിനുശേഷം അഹ്മദിയായ ഒരു മുസ്‌ലിം ചെയ്തുകൊണ്ടിരിക്കേണ്ട ജോലിയാണിത്. അല്ലാഹുവിന്റെ സാമീപ്യം നല്കുന്നതും പരിശുദ്ധമായ മാറ്റമുണ്ടാക്കുന്നതുമായ ആ രീതികളില്‍ ഒന്നാണ് ഈ ജല്‍സയും. നമ്മള്‍ തീര്‍ച്ചയായും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തതിനുശേഷം 'മുജാഹദ' ചെയ്ത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാന്‍ ആഗ്രഹിക്കുന്നു എന്നതിന് തെളിവാണ്, വന്‍തോതിലുള്ള നിങ്ങളുടെ ഇവിടുത്തെ സാന്നിധ്യം. നമ്മള്‍ നമ്മുടെയുള്ളില്‍ പരിശുദ്ധമാറ്റമുണ്ടാക്കാന്‍ ആഗ്രഹിക്കുന്നുവെന്നതിന് ഉത്തമ തെളിവാണ് നമ്മുടെ ഈ സമ്മേളനം. അതിനാല്‍ ഈ മൂന്ന് ദിനങ്ങളില്‍ ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനായി സകല അഹ്മദികളും പ്രത്യേകം പരിശ്രമിക്കുക; അപ്പോള്‍ മാത്രമേ ഇവിടെ സമ്മേളിച്ചിരിക്കുന്ന

തിന്റെ ഉദ്ദേശ്യം സഫലീകരിക്കാൻ സാധിക്കുകയുള്ളൂ.

അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം നമസ്കാരം നിർവ്വഹിക്കുന്നതിലുള്ള ശ്രദ്ധയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നിങ്ങളുടെ ആത്മാവിന്റെ ശുദ്ധീകരണത്തിനായി പരിശ്രമിക്കണമെന്ന് പറഞ്ഞപ്പോൾ ഏറ്റവും ആദ്യം നമസ്കാരത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞു, "നമസ്കാരത്തിൽ അധികമായി പ്രാർത്ഥിക്കുക. കാരണം മനുഷ്യൻ നിഷ്കളങ്കനായിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയുമ്പോൾ അല്ലാഹു അവന്റെ സദുദ്ദേശ്യങ്ങൾ സ്വീകരിച്ചുകൊണ്ട് അവനിൽ പരിശുദ്ധമായ വിപ്ലവമുണ്ടാക്കുന്നു. വ്യർത്ഥവും അബദ്ധജടിലവുമായ പ്രവൃത്തികളിൽനിന്ന് അവൻ രക്ഷപ്പെടുന്നു. നന്മയിലേക്ക് അവന് ശ്രദ്ധയുണ്ടാകുന്നു. ഇതുസംബന്ധമായി അല്ലാഹു വിശുദ്ധഖുർആനിൽ പറയുകയാണ് ***ഇന്നസ്വലാത്ത തൻഹാ അനിൽ ഫഹ്ശായി വൽമുൻകർ*** തീർച്ചയായും നമസ്കാരം ദോഷകരവും വെറുക്കപ്പെട്ടതുമായ എല്ലാ കാര്യങ്ങളിൽനിന്നും മനുഷ്യനെ തടയുന്നു. പക്ഷേ, ഇന്ന് നാം നമ്മുടെ പരിസരത്ത് കണ്ണോടിക്കുമ്പോൾ, ബാഹ്യമായി വലിയ നമസ്കാരക്കാരും ഹജ്ജ് ചെയ്യുന്നവരും മറ്റു പ്രവർത്തികൾ ചെയ്യുന്നവരുമായിട്ടുള്ളവരുടെ സ്വഭാവങ്ങൾ കാണുമ്പോൾ അവരേക്കാൾ നല്ലവരായിട്ട് നിർമ്മതക്കാരെ കാണാറുണ്ടല്ലോ എന്ന ചിന്ത ആർക്കെങ്കിലും ഉണ്ടാകാനിടയുണ്ട്. ഇവിടെ, അവരിൽ നമസ്കാരം ഒരു നന്മയും ഉണ്ടാക്കിയിട്ടില്ലെന്ന് ബാഹ്യത്തിൽ കാണാം. പിന്നെ നമസ്കരിക്കുന്നതുകൊണ്ട് എന്ത് നേട്ടമാണുള്ളത്? ഇവിടെ നാം മനസ്സിലാക്കേണ്ടത് അയാളിൽ മാറ്റമുണ്ടാകാത്തതിന് കാരണം നമസ്കാരമല്ല. മറിച്ച്, നമസ്കാരം അതിന്റെ നിബന്ധനയനുസരിച്ച് നമസ്കരിക്കാത്ത ആ നമസ്കാരക്കാരന്റെ കുറ്റമാണ്. നമസ്കാരം ദോഷകാര്യങ്ങളെ തടയുന്നുവെന്ന് അല്ലാഹു പറയുന്നതിന് മുമ്പേ പറഞ്ഞത് അഖിമിസ്സ്വലാത്ത് എന്നാണ്. നമസ്കാരം അതിന്റെ സകല നിബന്ധനയോടുംകൂടി അനുഷ്ഠിക്കുക. അതിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് അതനുഷ്ഠിക്കുമ്പോഴാണ് ദോഷകാര്യങ്ങളിൽനിന്നും വെറുക്കപ്പെട്ട കാര്യങ്ങളിൽനിന്നും അത് മനഷ്യനെ തടയുന്നത്. നമസ്കാരത്തിന് ഒരുപാട് നിബന്ധനകളുണ്ട്. വുളു ചെയ്യുക. പരിശുദ്ധനും പവിത്രനുമായിരിക്കുക. പുരുഷന്മാർ പള്ളിയിൽ വന്ന് നമസ്കരിക്കുക. നിഷ്കളങ്കരായി അല്ലാഹുവിന്റെ മുമ്പിൽ നില്ക്കുക. നബി(സ) തിരുമേനി ഇതു സംബന്ധമായി വളരെ പ്രധാനപ്പെട്ട കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചു: "നിങ്ങൾ നമസ്കാരത്തിനായി നില്ക്കുമ്പോൾ അല്ലാഹുവിനെ കാണുന്നു എന്ന വിചാരത്തോടെ നില്ക്കുക. അല്ലെങ്കിൽ കുറഞ്ഞപക്ഷം അല്ലാഹു തന്നെ കാണുന്നു എന്ന വിചാരത്തോടെ നില്ക്കേണ്ടതാണ്." ഹൃദയത്തിന്റെയും ബുദ്ധിയുടെയും അഗാധതലംവരെ കണ്ടുകൊണ്ടിരിക്കുന്ന അല്ലാഹു തന്നെ കാണുന്നു എന്ന ബോധമുണ്ടാകണം. തന്റെ അല്ലാഹു അറിയാതെ, ഒരു വിചാരവും തന്റെ മനസ്സിൽ വരുന്നില്ലെന്ന് വിശ്വസിക്കണം. നമ്മുടെ അല്ലാഹുവിനെ ഒരിക്കലും വഞ്ചിക്കാൻ സാധ്യമല്ല. ഏത് നമസ്കാരമാണ് അല്ലാഹുവിനും തങ്ങളുടെ ആത്മാവിനെ ശുദ്ധീകരിക്കുന്നതിനും വേണ്ടി മാത്രം അനുഷ്ഠിക്കുന്നതെന്ന് അവനറിയാം. ഏത് നമസ്കാരമാണ് മറ്റുള്ളവരെ കാണിക്കാൻ വേണ്ടി നമസ്കരിക്കുന്നതെന്നും അവന്നറിയാം. അതിനാൽ നിഷ്കളങ്കരായിക്കൊണ്ട് അല്ലാഹുവിനുവേണ്ടി മാത്രം അനുഷ്ഠിക്കപ്പെടുന്ന നമസ്കാരമാണ് സ്വീകാര്യമായത്. ഹൃദയത്തെ ശുദ്ധീകരിക്കുന്ന നമസ്കാരമാണത്. ലജ്ജാകരമായ പ്രവർത്തികളിൽനിന്ന് തടയുന്ന നമസ്കാരവും അതുതന്നെ. അതിനാൽ, അഹ്മദി നമസ്കരിക്കുമ്പോൾ അത്തരം നമസ്കാരം അന്വേഷിക്കേണ്ടതാണ്. ഇല്ലെങ്കിൽ ബാഹ്യമായി എത്ര വലിയ നമസ്കാരക്കാരനാണെങ്കിലും അവന്റെ കർമ്മങ്ങൾ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടുള്ളതല്ലെങ്കിൽ ആ നമസ്കാരവും അല്ലാഹു സ്വീകരിക്കുകയില്ല. അവന്റെ ബാഹ്യമായ പ്രവൃത്തിയും വാക്കും ഉള്ളിലിരിപ്പും തമ്മിലുള്ള ഭിന്നത കാരണത്താൽ അല്ലാഹു അത്തരം നമസ്കാരക്കാരുടെ നമസ്കാരത്തെ പരിഷ്ക്കരണം ഉണ്ടാക്കുന്നതിന് പകരം നാശത്തിനുള്ള മാർഗ്ഗമാക്കിത്തീർക്കുന്നു; അല്ലാഹു ***ഫവയ്ലുല്ലിൽ മുസ്വല്ലിൻ*** എന്ന് പറഞ്ഞതുപോലെ. അതായത്, അത്തരം നമസ്കാരക്കാർക്ക് നാശം. എത്തരത്തിലുള്ള നമസ്കാരക്കാർക്കാണ് നാശം? പറഞ്ഞു: ***അല്ലദീനഹും അൻസ്വലാത്തിഹിം സാഹൂൻ***. തങ്ങളുടെ നമസ്കാരങ്ങളിൽ അശ്രദ്ധരാകുന്നവർ. ബാഹ്യത്തിൽ അവർ നമസ്കരിക്കുന്നുണ്ടാകും. പക്ഷേ, അവരുടെ ഹൃദയം ഭൗതികവൃത്തിയിൽ മുഴുകിയിരിക്കും. പ്രത്യക്ഷത്തിൽ അയാൾ ഹജ്ജ് ചെയ്തിട്ടുണ്ടാകും. പക്ഷേ, ഈ ഹജ്ജും നമസ്കാരവും അവന്റെയുള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുന്നില്ല. അല്ലാഹു നമസ്കാരത്തിൽ മാത്രമല്ല നോക്കുന്നതെന്ന കാര്യം അവൻ മറന്നുപോകുന്നു. അല്ലാഹു സാധാരണ ജീവിതത്തിലും മനുഷ്യന്റെ ഓരോ വാക്കും പ്രവൃത്തിയും അറിയുന്നവനാണ്. അതിനാൽ നമസ്കാരം സ്വീകരിക്കപ്പെടുന്നതിന് സകല കർമ്മങ്ങളേയും നേരെയാക്കേണ്ടത് അനിവാര്യമാണ്. ഇല്ലെങ്കിൽ അല്ലാഹു പറയുന്നു, നിങ്ങളുടെ ഹൃദയത്തിന്റെ ഉള്ളിലെ അവസ്ഥയും നിങ്ങളുടെ കർമ്മങ്ങളും ഒരുപോലെയല്ലെങ്കിൽ ***അല്ലദീനഹും യുറാഊൻ***- അവർ കാണിക്കാൻ വേണ്ടി നമസ്കരിക്കുന്നു എന്നവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടുപോകുന്നതാണ്. മറ്റുള്ളവരെ കാണിക്കാൻ വേണ്ടി നമസ്കരിക്കുന്നവരുടെ നമസ്കാരം, യാഥാർത്ഥ്യത്തിൽനിന്ന് അശ്രദ്ധരായവരുടെ നമസ്കാരം, അവരെ തിന്മയിൽ നിന്ന് തടയുന്നതിനു പകരം അവർക്ക് നാശത്തിനുള്ള കാരണമായിത്തീരുന്നു.

അതിനാൽ, ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരാണെന്ന് നാം വാദിക്കുന്നുവെന്ന കാര്യം എപ്പോഴും ഓർമ്മിക്കുക. ഈ വാദം മാത്രം പോരാ, നമുക്ക് നമ്മുടെ ഉള്ളിൽ ആത്മീയമായ വിപ്ലവം ഉണ്ടാക്കേണ്ടതായി വരും. എല്ലാതരം തിന്മയേയും തടയുന്ന തരത്തിലുള്ള നമസ്കാരം അനുഷ്ഠിക്കേണ്ടതായി വരും. സൽകർമ്മം ചെയ്യുന്നതിന് പ്രചോദനം നല്കുന്ന നമസ്കാരം അനുഷ്ഠിക്കേണ്ടതായി വരും. നമ്മുടെ നമസ്കാരം നമ്മുടെ ജീവിതത്തിൽ പരിശുദ്ധ പരിവർത്തനം കൊണ്ടുവരുന്നില്ലെങ്കിൽ വളരെ ആശങ്കപ്പെടേണ്ടതാണ്.

ഒരു അഹ്മദി മുസ്ലിം- മുഅ്മിന്റെ നിർബന്ധകടമയാണ് ഏറ്റവും ആദ്യം തന്റെ നമസ്കാരത്തെ സംരക്ഷിച്ചുനിറുത്തുക എന്നത്. സ്വന്തം നമസ്കാരത്തെ തങ്ങളിൽ മറ്റ് സൽസ്വഭാവങ്ങളുണ്ടാക്കാനുള്ള അളവുകോലാക്കുക. അല്ലെങ്കിൽ തങ്ങളുടെ ഉന്നതമായ ധാർമ്മികഗുണങ്ങളെ തങ്ങളുടെ നമസ്കാരത്തിന്റെ സ്വീകാരത്തിനുള്ള അളവുകോലായി മനസ്സിലാക്കുക. നമ്മുടെ ധാർമ്മികഗുണങ്ങൾ ശ്രേഷ്ഠത്തിലാകുകയും ഇക്കാലത്തെ തിന്മകളിൽനിന്ന് രക്ഷപ്പെടാൻ നാം ശ്രമിക്കുകയും ചെയ്യുന്നില്ലെങ്കിൽ അതിന്റെ അർത്ഥം നാം 'മുജാഹദ' ചെയ്യുന്നില്ലെന്നാണ്. നാം നമ്മുടെ നമസ്കാരത്തെ കാത്തുസൂക്ഷിക്കുന്നില്ലെന്നാണ്. അതിനാൽ എല്ലാ അഹ്മദികളും ഓർമ്മവയ്ക്കണം പരിശുദ്ധമായ പരിവർത്തനം ഉണ്ടാക്കിയെടുക്കുന്നതിന് 'മുജാഹദ' ചെയ്യേണ്ടതാണ്. അതിൽ പ്രഥമസ്ഥാനത്ത് നില്ക്കുന്നത് നിഷ്കളങ്കരായിക്കൊണ്ട് അല്ലാഹുവിനെ ആരാധിച്ചുകൊണ്ടുള്ള നമസ്കാരമനുഷ്ഠിക്കലാണ്.

പ്രാർത്ഥനയിലേക്കും ദൈവസ്മരണയിലേക്കും അതീവശ്രദ്ധയുണ്ടാകണം. പിന്നീട് കഴിവനുസരിച്ച് സ്വദഖയും മറ്റ് ദാനധർമ്മങ്ങളും കൊടുക്കേണ്ടതാണ്. സ്വദഖയും ദാനധർമ്മവും നാശങ്ങൾ അകറ്റുമെന്ന് നബി(സ) തിരുമേനി പറഞ്ഞിട്ടുണ്ട്.

ഇക്കാലത്ത് ഭൗതികത, ധാർമ്മികാധപതനം, പരസ്പരമുള്ള കടമകൾ അവഗണിക്കൽ, ആത്മാർത്ഥമായി അല്ലാഹുവിനെ ആരാധിക്കാതിരിക്കൽ തുടങ്ങിയവയേക്കാൾ നമ്മുടെ ജീവിതത്തെ നശിപ്പിക്കുന്ന വലിയ വിപത്ത് മറ്റെന്താകാനാണ്? അതുകൊണ്ട് കഴിയുന്നതുപോലെ സ്വദഖകൾ കൊടുക്കുക. ദാനധർമ്മങ്ങൾ ചെയ്യുക. അത് മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയായിരിക്കരുത്. മറിച്ച്, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടിയായിരിക്കണം. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ചെയ്യുന്ന ഏതൊരു പ്രവർത്തിയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ സ്വീകാര്യമായിത്തീരുന്നതായിരിക്കും. കാരണം മനുഷ്യന്റെ ഉദ്ദേശ്യമനുസരിച്ചാണ് അല്ലാഹു അവനോട് പെരുമാറുന്നത്. സദുദ്ദേശ്യത്തോടെ ചെയ്യുന്ന കർമ്മം തീർച്ചയായും പരിശുദ്ധമാറ്റങ്ങളിൽ അഭിവൃദ്ധിയുണ്ടാക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ആത്മാവന്റെ പരിവർത്തനത്തിനായി എല്ലാത്തരം ഉപായങ്ങളുടെയും പരിശ്രമങ്ങളുടെയും ആവശ്യമുണ്ട്.'' അല്ലാഹു പറഞ്ഞിട്ടുള്ള എല്ലാ സ്വഭാവങ്ങളേയും സ്വായത്തമാക്കേണ്ട ആവശ്യമുണ്ട്. ഉദാഹരണത്തിന് അല്ലാഹു പറയുന്നു, പരസ്പരം ശാന്തസ്വഭാവത്തോടും സൽപെരുമാറ്റത്തോടുംകൂടി സംസാരിക്കുക. പിന്നീട് അല്ലാഹു പറയുന്നു, അമാനത്തുകളെ കാത്തുസൂക്ഷിക്കുക. ജമാഅത്തിന്റെ പ്രവർത്തികൾ ചെയ്യുന്ന ഓരോ ഉദ്യോഗസ്ഥരുടെ പക്കലും അവരുടെ ആ പ്രവൃത്തി അമാനത്താണ്. അത് വിശ്വസ്തതയോടെ നിറവേറ്റേണ്ടത് നിർബന്ധമാണ്. വിശ്വാസവഞ്ചന കാണിക്കുന്നവരെ അവനിഷ്ടപ്പെടുകയില്ലെന്ന കാര്യം നാം എപ്പോഴും ഓർക്കണം. അവന്റെ ഇഷ്ടത്തിൽനിന്ന് പുറത്തുപോകുന്നവന് ദീനുമുണ്ടാകുകയില്ല ദുൻയാവും ഉണ്ടാകുകയില്ല. ചിലപ്പോൾ മനുഷ്യൻ തന്റെ താല്ക്കാലികമായ ഇന്ദ്രിയാശകൾ നിറവേറ്റുന്നതിനായി സൂക്ഷിപ്പുമുതലിനോടുള്ള കൂറ് പുലർത്താതെ അല്ലാഹുവിന്റെ പിടിയിൽ പെട്ടുപോകാൻ സാധ്യതയുണ്ട്. ഞാൻ മുമ്പേയും പറഞ്ഞതുപോലെ അല്ലാഹു നമ്മുടെ എല്ലാ കാര്യങ്ങളും കണ്ടുകൊണ്ടിരിക്കുന്നു. മനുഷ്യനെ വഞ്ചിക്കാൻ കഴിയും. എന്നാൽ അല്ലാഹുവിനെ വഞ്ചിക്കാൻ കഴിയുകയില്ല. അതിനാൽ സകല അഹ്മദികളും തങ്ങളെ ഏല്പിച്ചിരിക്കുന്ന അമാനത്തുകൾ ശരിയായ നിലയിൽ നിറവേറ്റേണ്ടതാണ്.

പ്രതിജ്ഞ നിറവേറ്റുകയും വേണം. എല്ലാ അഹ്മദികളും ചെയ്യുന്ന ഒരു പ്രതിജ്ഞയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തതുകൊണ്ട് സ്വന്തം ആരാധനയോടുള്ള കടമ നിറവേറ്റുമെന്നും അല്ലാഹു നല്കിയിട്ടുള്ള മറ്റെല്ലാ കല്പനകളും പാലിക്കുമെന്നും ഉള്ളതാണ് ആ പ്രതിജ്ഞ. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി നാം ചെയ്യുന്ന കർമ്മങ്ങൾ ആരാധനയായി മാറുമെന്ന് നാമെപ്പോഴും ഓർമ്മിക്കേണ്ടതാണ്. അതുകൊണ്ട് ഒരു ദൈവകല്പനയും ചെറുതായി കാണരുത്.

പിന്നീട് അല്ലാഹു പറഞ്ഞ ഒരു ശ്രേഷ്ഠസ്വഭാവം സത്യത്തിൽ അടിയുറച്ച് നില്ക്കുക എന്നതാണ്. ചൊവ്വായ വാക്കുകൾ പറയുക. ഒരുതരത്തിലുള്ള വളവുമില്ലാതെ നേരെനേരെ സംസാരിക്കുക. ആശയം വ്യക്തമല്ലാത്ത കാര്യം പറയരുത്. വ്യാഖ്യാനിച്ചു പറയാൻ ഇടവരാത്ത വിധത്തിൽ സംസാരിക്കുക.

അസൂയയിൽനിന്ന് രക്ഷപ്പെടാനും അല്ലാഹു കല്പിക്കുന്നു. കാരണം അസൂയ ഒരു മനുഷ്യനെ അവന്റെ ഉള്ളിൽതന്നെ കരിച്ചുകളയുന്നു. അസൂയ കാരണത്താൽ മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കാനും ശ്രമിക്കുന്നു. അസൂയപ്പെടുക എന്നത് സത്യവിശ്വാസിക്ക് ഭൂഷണമല്ല. സ്വയം അസൂയയിൽ നിന്ന് രക്ഷപ്പെടുകയും അതിൽനിന്ന് രക്ഷ

കിട്ടാൻ പ്രാർത്ഥിക്കുകയും വേണം.

ജമാഅത്തിന്റെ അഭിവൃദ്ധി കണ്ട് സഹിക്കാത്ത എത്രയോ അസൂയാലുക്കൾ ഇന്നുണ്ട്. കാണുമ്പോൾ നല്ല മധുരമായി തോന്നും. പക്ഷേ, ഉള്ളിൽ നഷ്ടമുണ്ടാക്കാനുള്ള ശ്രമമാണ്. നമ്മൾ പരസ്പരം ഒന്നാകുന്നില്ലെങ്കിൽ ചില കാര്യങ്ങളിൽ പരസ്പരം അസൂയപ്പെട്ടുകൊണ്ടിരുന്നാൽ നമ്മളോട് അസൂയപ്പെടുന്നവരുടെ ഉപദ്രവങ്ങളിൽനിന്ന് നമ്മൾ എങ്ങനെയാണ് രക്ഷപ്പെടുക? അതിനാൽ പരസ്പരം സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഉത്തമ മാതൃക കാണിക്കുക.

വ്യർത്ഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടാനും അല്ലാഹു കല്പിക്കുന്നു. കാരണം, ശയ്ത്വാന്റെ മടിത്തട്ടിലേക്ക് എടുത്തെറിയുന്ന ഒരുപാട് വ്യർത്ഥമായ കാര്യങ്ങൾ ഇക്കാലത്തുണ്ട്. എന്തായാലും ഞാനീ പറഞ്ഞ രീതിയിലുള്ള അല്ലാഹുവിന്റെ കല്പനകളടങ്ങുന്ന സുദീർഘമായ ഒരു ലിസ്റ്റ് തന്നെയുണ്ട്.

ഞാൻ ജമാഅത്തിനോടും ശാഖാ സംഘടനകളായ അൻസാർ, ഖുദ്ദാം, ലജ്ന എന്നിവരോടും പറയുകയാണ് ശ്രേഷ്ഠമായ സ്വഭാവങ്ങൾ ജമാഅത്തംഗങ്ങളിലും നിങ്ങളുടെ സംഘടനകളിലെ ഓരോ അംഗത്തിലും ഉണ്ടാക്കാൻ ഉതകുന്ന രീതിയിലുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.

പഴയ അഹ്മദികളുടെ സൽസ്വഭാവത്തിന്റെ നിലയും മെച്ചപ്പെടുത്തുക. നവഅഹ്മദികളുടെ ഉള്ളിലും ശ്രേഷ്ഠമായ ധാർമ്മിക ഗുണങ്ങൾ സൃഷ്ടിക്കുക. നവ അഹ്മദികളെ കാത്തുസൂക്ഷിക്കുന്നതിനായി ശാഖാ സംഘടനകൾ അവരെ അവരോടൊപ്പം കൊണ്ടുപോകുക. വരുന്ന രണ്ട് പ്രസംഗങ്ങളിലും ഇൻശാഅല്ലാഹ് ഞാൻ അടിസ്ഥാനപരമായ ധാർമ്മിക ഗുണങ്ങളെ സംബന്ധിച്ച് കൂടുതൽ വിശദീകരിക്കുന്നതാണ്. ഇപ്പോൾ സമയം അധികമായിരിക്കുന്നു.

നിങ്ങൾ ജൽസയിൽ പങ്കെടുത്തിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം ശ്രദ്ധയോടെ കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. നിങ്ങൾ കൊണ്ടാടുന്ന ഈ ഖിലാഫത്ത് ജൂബിലി, അല്ലാഹു വിശ്വാസികൾക്കും സൽകർമ്മങ്ങൾ ചെയ്യുന്നവർക്കും നൽകിയ സമ്മാനമാണ്. എപ്പോഴും നാം ഓർക്കണം, നാം നമ്മുടെ ആരാധനയുടെ ഉന്നതമായ നില സ്ഥാപിച്ചെടുക്കേണ്ടവരാണ്. നമ്മുടെ നമസ്കാരത്തെ കാത്തുസൂക്ഷിക്കേണ്ടവരാണ്. സൽകർമ്മത്തോടൊപ്പം ആരാധനാകർമ്മങ്ങളിലും മുഴുകിക്കഴിയുന്നവരോടാണ് അല്ലാഹു ഖിലാഫത്ത് വാഗ്ദാനം ചെയ്തിട്ടുള്ളത്. അതുകൊണ്ട് സ്വന്തം ഉള്ളിൽ പരിശുദ്ധമായ പരിവർത്തനമുണ്ടാക്കിത്തീർക്കുക. ഖിലാഫത്തിന്റെ ബർക്കത്ത് നൈജീരിയാ ജമാഅത്ത് നേരിൽ കണ്ട് കഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് നിങ്ങൾ ഈ സമ്മാനത്തെ കൂടുതൽ ആദരിക്കണം. നിങ്ങൾക്കറിയാം ഒരുകൂട്ടമാളുകൾ ഇവിടുത്തെ പള്ളിയുംകൊണ്ട് ഖിലാഫത്തിൽനിന്ന് വേറിട്ട് പോയിരുന്നു. ഇന്ന് അവർക്ക് എന്തെങ്കിലും വിലയുണ്ടോ? ഒന്നുമില്ല. എന്നാൽ, ഖിലാഫത്തുമായി ചേർന്നിരുന്നവർ തങ്ങളുടെ പ്രതിജ്ഞ നിറവേറ്റാൻ ശ്രമിച്ച കാരണത്താൽ അല്ലാഹു അവർക്ക് അസംഖ്യം പാരിതോഷികങ്ങൾ നൽകി. ഇന്ന് എല്ലാ പട്ടണത്തിലും ജമാഅത്തിന്റെ അഭിവൃദ്ധി നിങ്ങൾ കാണുന്നു. നിങ്ങൾ ഇന്ന് ആയിരക്കണക്കിന് ഇവിടെ സമ്മേളിച്ചിരിക്കുകയാണ്. ഇത് തെളിയിക്കുന്നത് ഖിലാഫത്തിനോടൊപ്പം അല്ലാഹുവിന്റെ ബർക്കത്തുണ്ടെന്നാണ്. അതുകൊണ്ട് നിങ്ങളുടെ ഉത്തരവാദിത്തം എപ്പോഴും മനസ്സിലാക്കിക്കൊണ്ടിരിക്കുക അല്ലാഹു നിങ്ങൾക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. ഈ അനുഗ്രഹം എപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 3.5.2008 at Nigeria

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala